## പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 650 29/06/2015-ൽ മറുപടിയ്ക്ക്

**പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള ബജറ്റ് ശീർഷകം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി (ബഹു. പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ സാമ്പത്തികവർഷം പട്ടിക വർഗ്ഗ ക്ഷേമത്തിനായുള്ള ബജറ്റ് ശീർഷകത്തിൽ ഏതെല്ലാം ഇനങ്ങൾ ക്കാണ് വകയിരുത്തിയ തുകയിലും അൻപത് ശതമാനത്തിൽ താഴെ മാത്രം ചെലവഴിച്ചത്; ആയതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതു വഴി പട്ടികവർഗ്ഗക്കാർക്കു ലഭിക്കേണ്ട പല പദ്ധതികൾക്കും വേണ്ടത്ര തുക ചെലവഴിക്കാത്തതു മൂലം അവർ ദുരിതത്തിലാണ് ജീവിക്കുന്നതെന്ന് വിലയിരുത്തി യിട്ടുണ്ടോ; | (ബി) | പട്ടികവർഗ്ഗ ക്ഷേമത്തിനായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക മുഴുവനായും ചെലവഴിക്കുന്നുണ്ട്. |
| (സി) | ഇത് വീഴ്ചയായി കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

2014-15 സാമ്പത്തിക വർഷത്തെ ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയ തുകയുടെ അൻപത് ശതമാനത്തിൽ താഴെ മാത്രം ചെലവഴിച്ച ശീർഷകങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | വകയിരുത്തിയ തുക(ലക്ഷത്തിൽ) | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| 1 | പട്ടികവർഗ്ഗ ക്ഷേമത്തിനായി സാമൂഹ്യപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ 2225 -02-102-89(05) | 100 | 32.25 | 32.25% |
| 2 | ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് 2225-02-800-29 | 663 | 215.11 | 32.44% |
| 3 | പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സൗകര്യങ്ങളുടെ വികസനം 2225-02-800-35 | 250 | 119.82 | 47.93% |
| 4 | ചെറുസങ്കേതങ്ങളുടെ വികസനത്തിനുള്ള പദ്ധതി 2225-02-102-88 | 2500 | 1061.64 | 42.47% |
| 5 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം 2225-02-277-76 | 80 | 32.52 | 40.65% |

1. പട്ടികവർഗ്ഗ ക്ഷേമത്തിനായി 201415-ൽ 100 വനിതാസാമൂഹ്യപ്രവർത്തകരെ നിയമിക്കുന്നതിന് ഒരു പുതിയ പദ്ധതി ആരംഭിക്കുകയും ആയതിന് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭിച്ചശേഷം ആവശ്യമായ പരസ്യങ്ങൾ ബന്ധപ്പെട്ട കോളനികളിൽ പ്രൊമോട്ടർ വഴിയും മറ്റും നൽകുകയും അഭിമുഖത്തിലൂടെ അവരെ തിരഞ്ഞെടുത്ത് നിയമിക്കുന്നതിന് സമയം ആവശ്യമായി വരുന്നു. ഈ നടപടി ക്രമങ്ങൾ പൂർത്തിയാക്കി 2014 ഡിസംബർ മാസത്തിലാണ് അവരെ നിയമിച്ചത്. ആയതുകൊണ്ടാണ് ഈ ശീർഷകത്തിൽ പണം ചിലവഴിക്കാൻ സാധിക്കാതെ പോയത്.

2. ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് ആയി 2014-15 സാമ്പത്തിക വർഷം 610 ലക്ഷം രൂപ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേന്ദ്രസർക്കാരിൽ നിന്ന് 2014 സെപ്റ്റംബർ മാസമാണ് ലഭിച്ചത്. ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഏഴ് ഐ.റ്റി.ഡി.പി കളുടെ ശാക്തീകരണത്തിനും നവീകരണത്തിനുമായി 175 ലക്ഷം രൂപയും (7 X 25 ലക്ഷം രൂപ) ഇടുക്കിയിലെ ഊർക്കാട് പെൺകുട്ടികളുടെ പ്രി മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 250 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ആവശ്യമായ നടപടി



SKC

ക്രമങ്ങളും എസ്റ്റിമേറ്റും തയ്യാറാക്കേണ്ടി വന്നതിനാൽ 2014-15 സാംപത്തിക വർഷം ഈ രണ്ടു പദ്ധതികളും നടപ്പിലാക്കുവാൻ സാധിക്കാത്തതിനാലാണ് ഈ ശീർഷകത്തിൽ പണം മിച്ചം വന്നത്. കേന്ദ്ര സഹായപദ്ധതി ആയതിനാൽ ഈ തുക 2015-16 സാംപത്തിക വർഷം ഉപയോഗിക്കാവുന്നതാണ്. ആയതിനാൽ ഈ തുക നഷ്ടമാകുന്നില്ല.

3. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സൗകര്യങ്ങളുടെ വികസന ശീർഷകത്തിൽ ഉൾപ്പെടുത്തി ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ പൂക്കോടിലെ ഡോർ മെറ്ററി നിർമ്മാണത്തിനായി 92.50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അംഗീകരിക്കുന്നതിൽ വന്ന ഭരണപരമായ കാലതാമസം കൊണ്ടാണ് ഈ ശീർഷകത്തിൽ പണം ചിലവഴിക്കാൻ സാധിക്കാതെ വന്നത്.

4. 25 ചെറുസങ്കേതങ്ങളുടെ വികസനത്തിനായി 2014-15 സാംപത്തിക വർഷം 25 കോടി രൂപ അനുവദിച്ചിരുന്നു. നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും മറ്റു നടപടിക്രമങ്ങൾ പാലിക്കുന്നതിനുമായി സമയം ആവശ്യമായി വന്നതിനാലാണ് ഈ ശീർഷകത്തിൽ പണം ചിലവഴിച്ചതിൽ കുറവു വന്നത്. എന്നാൽ ഈ പദ്ധതിയുടെ ചെലവഴിക്കാൻ സാധിക്കാത്ത ബാക്കി തുകയായ 14.3 കോടി രൂപ 2015 സെപ്റ്റംബർ 30-ന് മുംപായി ചെലവഴിക്കുന്നതിനായി ഇലക്ട്രോണിക് ലെഡ്ജറിലേക്ക് മാറ്റിയതിനാൽ ഈ പണം നഷ്ടപ്പെടില്ല.

5. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ മൂന്ന് ഐ.ടി.ഐ.കൾ (Industrial Training Institutes) ഉണ്ടായിരുന്നു. ഇതിൽ റാന്നിയിലെ ഐ.ടി.ഐ. ഇടുക്കി നാടുകാണിയിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ-ൽ ലയിപ്പിച്ചതിനാൽ നിലവിൽ രണ്ട് ഐ.ടി.ഐ.കൾ മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. ആയതിനാലാണ് ഈ ശീർഷകത്തിൽ 50 ശതമാനത്തിൽ താഴെ മാത്രം ചിലവഴിക്കേണ്ടി വന്നത്.

സെക്ഷൻ ഓഫീസർ